**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 215** **07-10-2024 - ൽ മറുപടിയ്ക്ക്**

**കടപ്ലാമറ്റം, മരങ്ങാട്ടുപിള്ളി ആശുപത്രികളുടെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി മണ്ഡലത്തിലെ ബജറ്റ് വർക്കുകളായ കടപ്ലാമറ്റം, മരങ്ങാട്ടുപിള്ളി ആശുപത്രികളുടെ കെട്ടിട നിർമ്മാണത്തിൽ നേരിട്ടിരിക്കുന്ന തടസ്സം വ്യക്തമാക്കാമോ; | (എ) | കോട്ടയം ജില്ലയിലെ കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടിരിക്കുന്ന എഫ്.എച്ച്.സി. മരങ്ങാട്ടുപിള്ളി, എഫ്.എച്ച്.സി. കടപ്ലാമറ്റം എന്നീ സ്ഥാപനങ്ങൾക്ക് പുതിയ കെട്ടിടം പണിയുന്നതിലേക്ക് ഒരു കോടി രൂപ 2022-2023-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം തയ്യാറാക്കി നൽകിയ പ്ലാനുകൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ അംഗീകരിച്ചു നൽകിയിരുന്നു. എന്നാൽ എഫ്.എച്ച്.സി. കടപ്ലാമറ്റത്ത് നിർദിഷ്ട പദ്ധതിയ്ക്കായി കണ്ടെത്തിയ സ്ഥലത്തിനോട് ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിനാൽ അംഗീകാരം ലഭിച്ച പ്ലാൻ പ്രകാരം നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് സാങ്കേതിക തടസ്സമുണ്ടാകുമെന്ന കാരണത്താൽ പൊതുമരാമത്ത് വകുപ്പ് നൽകിയ മാറ്റം വരുത്തിയ പ്ലാൻ -നും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എസ്റ്റിമേറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | രണ്ടു സ്ഥാപനങ്ങളുടെയും പ്ലോട്ട് ക്ലിയർ ചെയ്യുന്നതിന്റെ ഭാഗമായി പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ; | (ബി) | രണ്ട് സ്ഥാപനങ്ങളിലും പദ്ധതി പ്രദേശത്തെ പഴയ കെട്ടിടങ്ങൾ പൊളിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ അനുമതി നൽകുകയും മരങ്ങാട്ടുപിള്ളി എഫ്.എച്ച്.സി.യിൽ കെട്ടിടം പൂർണ്ണമായും പൊളിച്ചു മാറ്റുകയും ചെയ്തു. കടപ്ലാമറ്റം എഫ്.എച്ച്.സി.യിൽ കെട്ടിടം പൊളിക്കുന്നതിനുള്ള ലേല നടപടികൾ പ്രാരംഭഘട്ടത്തിലാണ്. |
| (സി) | കടപ്ലാമറ്റത്ത് കണ്ടെത്തിയ സ്ഥലത്തിനോട് ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് വാട്ടർ ടാങ്ക് നിർമ്മിക്കുന്ന സാഹചര്യത്തിൽ, അംഗീകരിച്ച പ്ലാൻ പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് സാങ്കേതിക തടസ്സമുള്ളതിനാൽ, മാറ്റം വരുത്തി | (സി) | മാറ്റം വരുത്തി സമർപ്പിച്ച പ്ലാനിന് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ അനുമതി നൽകുകയും ആയത് തുടർ നടപടികൾക്കായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് കൈമാറുകയും |

| | | | |
|---|---|---|---|
| | സമർപ്പിച്ച പ്ലാനിന് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് അംഗീകാരം നൽകിയിട്ടുണ്ടോ; പൊതുമരാമത്ത് (കെട്ടിടവിഭാഗം) വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; | | ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല. |
| (ഡി) | മരങ്ങാട്ടുപിള്ളി എഫ്.എച്ച്.സി.യുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് (കെട്ടിടവിഭാഗം) വകുപ്പ് തയ്യാറാക്കി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ആരോഗ്യ വകുപ്പ് അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (ഡി) | മരങ്ങാട്ടുപിള്ളി എഫ്.എച്ച്.സി.യിൽ പുതിയ കെട്ടിടം പണിയുന്നതിലേക്ക് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം തയ്യാറാക്കി നൽകിയ പ്ലാൻ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ അംഗീകരിച്ചു നൽകിയിരുന്നു. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ